"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ പുലിയൂർ ഗവ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II, ശ്രീ.വിഷ്ണു ആർ.കെ. ക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.665/2025/AYUSH തീയതി,തിരുവനന്തപുരം, 25-12-2025

---

പരാമർശം:-

1. ശ്രീ.വിഷ്ണു ആർ.കെ. സമർപ്പിച്ച 03.08.2025 ലെ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അപേക്ഷ.
2. ആലപ്പുഴ ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസറുടെ 31.10.2025 ലെ സാക്ഷ്യപത്രം.
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 21.11.2025 ലെ DISM/3291/2025-E2 നം.കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ പുലിയൂർ ഗവ. ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II, ശ്രീ.വിഷ്ണു ആർ.കെ. 03.08.2025 ഞായറാഴ്ച രാവിലെ ജോലിക്ക് വരുമ്പോൾ വാഹനാപകടത്തിൽ ഇടത് കാലിന്റെ പാദത്തിൽ പൊട്ടൽ ഉണ്ടായതിനെ തുടർന്ന് 03.08.2025 മുതൽ 13.09.2025 വരെ 4 2 ദിവസത്തേക്ക് പരാമർശം (1) പ്രകാരം സ്പെഷ്യൽ ഡിസബിലിറ്റി ലീവിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ടിയാൾ അവധി കഴിഞ്ഞു 14-09-2025 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതും പ്രസ്തുത അവധി അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

**2.** ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ പുലിയൂർ ഗവ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II, ശ്രീ.വിഷ്ണു ആർ.കെ. പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, മെഡിക്കൽ സർട്ടിഫിക്കറ്റിന്റേയും, അപകടം സംബന്ധിച്ചുള്ള ആലപ്പുഴ ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (2) പ്രകാരമുള്ള സാക്ഷ്യപത്രത്തിന്റേയും പരാമർശം (3) പ്രകാരമുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടേയും അടിസ്ഥാനത്തിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 98 പ്രകാരം ടിയാന് 03.08.2025 മുതൽ 13.09.2025 വരെ 42 ദിവസത്തെ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.വിഷ്ണു ആർ.കെ., ഫാർമസിസ്റ്റ് ഗ്രേഡ് II, ഗവ. ആയുർവേദ ഡിസ്പെൻസറി, പുലിയൂർ, ആലപ്പുഴ ജില്ല (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/354/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 26-12-2025 10:55:22